മഞ്ചേശ്വരം മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

112(1369) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ആയത് എവിടെയൊക്കെയാണെന്നും അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേശ്വരം മണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ അനുവദിച്ചെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) 4 എണ്ണം.

1. കുമ്പള
2. ഉപ്പള
3. പൈവളിക
4. പെർള.

(ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടില്ല.

റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി

113(1370) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് ലഭിക്കുന്നതിനുവേണ്ടിയുള്ള ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഈ സർക്കാർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ പുതുതായി എത്ര റേഷൻ കാർഡുകൾ വിതരണം ചെയ്തു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ലാമിനേറ്റ് ചെയ്ത് ഫോട്ടോ പതിച്ച് പുതുക്കിയ റേഷൻ കാർഡ് വിതരണം 31-3-2010-ന് പൂർത്തീകരിച്ചതോടെ പുതിയ റേഷൻ കാർഡിനും തിരുത്തലുകൾ വരുത്തുന്നതിനും വൻതോതിൽ അപേക്ഷകൾ ലഭിക്കാൻ തുടങ്ങി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ അവയുടെ വിതരണം ഉറപ്പാക്കുന്നതിനായി 31-5-2010-വരെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതു വരെ പുതിയ അപേക്ഷകൾ സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly